Part - 3

# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3817 20.07.2015-ൽ മറുപടിയ്ക്ക്

## സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് തീരുമാനമായോ; ആയതിന്റെ മാനദണ്ഡം എന്താണ്; എത്ര സ്കൂളുകൾക്കാണ് ആദ്യഘട്ടത്തിൽ എയ്ഡഡ് പദവി നൽകുക; | (എ) ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി സ.ഉ.(പി)69/14/പൊ.വി.വ. തീയതി.28.04.2014 പ്രകാരം ഉത്തരവായിരുന്നു. ഇപ്രകാരം എയ്ഡഡ് പദവി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി സർക്കാർ നിയോഗിച്ച മൂന്നംഗ കമ്മിറ്റി നൽകിയ ശുപാർശകൾ കണക്കിലെടുത്ത് ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് സ.ഉ.(എം.എസ്) നമ്പർ.115/2015/ പൊ.വി.വ. തീയതി 15/05/2015 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ |

മാനദണ്ഡങ്ങൾ പ്രകാരം അർഹമായ സ്കൂളുകളുടെ അന്തിമ ലിസ്റ്റ് പൂർത്തിയായിട്ടില്ല. രണ്ടാം ഘട്ടമായി മാനസിക വെല്ലുവിളികൾ നേരിടുന്ന 50 കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി കൊണ്ട് സ.ഉ.(എം.എസ്)116/15/പൊ.വി.വ. തീയതി.15.05.2015 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് സ്കൂളായി ഉയർത്തുക വഴി അവിടെ പഠിക്കുന്ന കുട്ടികൾക്ക് എന്തൊക്കെ സൗകര്യങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) കൃത്യമായ മാനദണ്ഡങ്ങളുടേയും, വ്യവസ്ഥകളുടേയും അടിസ്ഥാനത്തിലാണ് സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നത്. ഇപ്രകാരം എയ്ഡഡ് പദവി ലഭിക്കുന്ന സ്കൂളുകൾ അടിസ്ഥാനസൗകര്യം ഉൾപ്പെടെ 15/05/2015 ലെ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നതായതുകൊണ്ട് കുട്ടികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്നതാണ്.

(സി) ഏതൊക്കെ സ്പെഷ്യൽ സ്കൂളുകളാണ് ആദ്യഘട്ടത്തിൽ എയ്ഡഡ് സ്കൂളുകളായി ഉയർത്തുന്നത് എന്ന് പേരുസഹിതം വിശദീകരിക്കാമോ?

(സി) 15/05/2015 ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് എയ്ഡഡ് പദവി നൽകേണ്ട സ്കൂളുകളെ സംബന്ധിച്ച അന്തിമ ലിസ്റ്റ് പൂർത്തിയായിട്ടില്ല.

സെക്ഷൻ ഓഫീസർ